*'CORRUPTION, A CRIME AGAINST NATION'*

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
*ഫോൺ: 0471- 2305393*
തിയതി :18.01.2023

## "ഓപ്പറേഷൻ ഓവർലോഡ്- 2" അമിതഭാരം കയറ്റിയ ടിപ്പറുകൾ, ടോറസ് എന്നിവയിൽ വിജിലൻസിന്റെ മിന്നൽ പരിശോധന; 70 ലക്ഷത്തിൽപ്പരം രൂപ പിഴ ഈടാക്കി.

സംസ്ഥാനത്ത് വ്യാപകമായി ടിപ്പറുകളിലും, ട്രക്കുകളിലും, ലോറികളിലും അമിതമായും, പെർമിറ്റിന് വിരുദ്ധമായും, അനധികൃതമായും അധികമായി ബോഡികൾ നിർമ്മിച്ച വരെ അമിതഭാരം കയറ്റി കൊണ്ടുപോകുന്നതായും, അന്യസംസ്ഥാനത്തുനിന്നും ദിനംപ്രതികേരളത്തിലേക്ക് ക്വാറി ഉത്പന്നങ്ങൾ കയറ്റിയ വാഹനങ്ങളിൽ പലതിലും മതിയായ ജി. എസ്.ടി, ജിയോളജി പാസുകളോ മറ്റ രേഖകളോ ഉണ്ടാകാറില്ലെന്നും സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന കോറികളിൽ നിന്നും വാഹന ഉടമകളുടെയും, ക്വാറി-ക്രെഷർ ഉടമകളുടെയും ഒത്താശയോടെ ക്വാറി ഉത്പന്നങ്ങൾ അമിത അളവിൽ വാഹനങ്ങളുടെ പെർമിറ്റിലും കൂട്ടുതലായി കയറ്റി പോകുന്നത് വഴി സർക്കാറിലേക്ക് ലഭിക്കേണ്ട ജി.എസ്.ടി, റോയൽറ്റി ഇനങ്ങളിൽ മാത്രം സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം ദിനംപ്രതി സംഭവിക്കുന്നതായും ഇപ്രകാരം അമിതഭാരം കയറ്റി കൊണ്ടുപോകുന്നതിന് മോട്ടോർ വാഹന വകുപ്പ്/ പോലീസ്/ മൈനിങ് ആൻറ് ജിയോളജി/ ജി.എസ്.ടി ഉദ്യോഗസ്ഥർക്ക് മാസപ്പടി ലഭിക്കാറുണ്ടെന്നും ഏജെന്റുമാർ ഗൂഗിൾ പേ അക്കൗണ്ട് ട്രാൻസ്ഫർ വഴി ലഭിക്കുന്ന മാസപ്പടി തുക പണമാക്കി

ഉദ്യോഗസ്ഥർക്ക് കൈമാറുന്നതായും രഹസ്യവിവരം ലഭിച്ചിട്ടുള്ളതാകുന്നു, സംസ്ഥാനത്തെ കരിങ്കൽ ക്വാറികളിൽ നിന്നും, ചെങ്കൽ ക്വാറികളിൽ നിന്നും ക്വാറി ഉൽപ്പന്നങ്ങൾ ജി.എസ്.ടി ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ജി.എസ്.ടി നികുതി അടയ്ക്കാതെയും, ജി.എസ്.ടി അടച്ചിട്ടുണ്ടെങ്കിൽ അളവിനെക്കാൾ കൂടുതൽ അളവിൽ ഉൽപ്പന്നങ്ങൾ കയറ്റി വിൽപ്പന നടത്തിവരുന്നതായും ചില ക്വാറി ഉടമകൾ വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ അളവ് കുറച്ച് കാണിച്ച് ജി.എസ്.ടി യിൽ വെട്ടിപ്പ് നടത്തിവരുന്നതായും രഹസ്യ വിവരം ലഭിച്ചിട്ടുള്ളതാകുന്നു. സംസ്ഥാനത്ത് പാറ, ചെങ്കൽ ക്വാറികളുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിനുള്ള പാസ്സുകൾ അനുവദിക്കുന്നത് മൈനിങ് ആൻഡ് ജിയോളജി വകുപ്പാണ്. പ്രസ്തുത പാസ്സുകളിൽ പാസ്സ് അനുവദിച്ച സമയം, ക്വാറി ഉൽപ്പന്നങ്ങളുടെ അളവ്, ലോറി നമ്പർ എവിടെ നിന്നും പുറപ്പെട്ട് എവിടേക്ക് പോകുന്നു എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ വിശദാംശങ്ങളും ഉൾപ്പെടുത്താറുണ്ട്. എന്നാൽ പല ലോറി ഉടമകളും ഒരു പാസ് ഉപയോഗിച്ച് നിരവധി ലോഡുകൾ കടത്തുന്നതായും, അധികമായി കടത്തുന്ന ഓരോ ലോഡിനും ജി.എസ്.ടി ഇനത്തിൽ സർക്കാർ ഖജനാവിന് ലഭിക്കേണ്ട തുക നഷ്ടമാകുന്നതായും രഹസ്യവിവരമുണ്ട്. ഇവ പരിശോധിക്കുന്നതിനാണ് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ൻറെ ഉത്തരവിൻ പ്രകാരം "ഓപ്പറേഷൻ ഓവർലോഡ്- 2" എന്ന പേരിൽ സംസ്ഥാനമൊട്ടാകെ ഇന്ന് (18.01.2023). രാവിലെ 7 മണിമുതൽ മിന്നൽ പരിശോധന നടത്തിയത്.

ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ 4 മണിക്കൂർ കൊണ്ട് അമിത ഭാരം കയറ്റി വന്ന 240 വാഹനങ്ങളും, മൈനിഗ് ആൻഡ് ജിയോളജി പാസ്സില്ലാത്ത 104 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ 46 വാഹനങ്ങളും, വിജിലൻസ് പിടിച്ചെടുത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമിത ഭാരം കയറ്റിയതിലേക്ക് മാത്രം 70 ലക്ഷത്തിൽപ്പരം രൂപ ഈടാക്കുകയും ചെയ്തു.

ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ, തിരുവനന്തപുരം ജില്ലയിൽ അമിത ഭാരം കയറ്റിയ 18 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ ഒരു വാഹനവും, പാസ്സ് ഇല്ലാത്ത രണ്ട് വാഹനങ്ങളും,

കൊല്ലം ജില്ലയിൽ അമിത ഭാരം കയറ്റിയ 17 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ ഒരു വാഹനവും, പാസ്സ് ഇല്ലാത്ത ഒരു വാഹനവും, പത്തനംതിട്ട ജില്ലയിൽ അമിത ഭാരം കയറ്റിയ 43 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ 3 വാഹനങ്ങളും, ആലപ്പുഴ ജില്ലയിൽ അമിത ഭാരം കയറ്റിയ 21 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ ഒരു വാഹനവും, കോട്ടയം ജില്ലയിൽ അമിത ഭാരം കയറ്റിയ 18 വാഹനങ്ങളും, പാസ്സ് ഇല്ലാത്ത 11 വാഹനങ്ങളും, ഇടുക്കി ജില്ലയിൽ അമിത ഭാരം കയറ്റിയ 5 വാഹനങ്ങളും, പാസ്സ് ഇല്ലാത്ത രണ്ട് വാഹനവും, എറണാകുളം ജില്ലയിൽ അമിത ഭാരം കയറ്റിയ 19 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ 6 വാഹനങ്ങളും, പാസ്സ് ഇല്ലാത്ത 16 വാഹനങ്ങളും, പാലക്കാട് ജില്ലയിൽ അമിത ഭാരം കയറ്റിയ 17 വാഹനങ്ങളും, 13 വാഹനങ്ങൾ പാസ്സ് ഇല്ലായും 9 വാഹനങ്ങൾ ജി.എസ്.ടി വെട്ടിപ്പ് നടത്തിയതും, തൃശ്ശൂർ ജില്ലയിൽ അമിത ഭാരം കയറ്റിയ 10 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ 7 വാഹനങ്ങളും, പാസ്സ് ഇല്ലാത്ത 7 വാഹനങ്ങളും, മലപ്പുറം ജില്ലയിൽ അമിത ഭാരം കയറ്റിയ 20 വാഹനങ്ങളും, പാസ്സ് ഇല്ലാത്ത 15 വാഹനങ്ങളും, കോഴിക്കോട് ജില്ലയിൽ അമിത ഭാരം കയറ്റിയ 16 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ 10 വാഹനങ്ങളും, പാസ്സ് ഇല്ലാത്ത 10 വാഹനങ്ങളും, വയനാട് ജില്ലയിൽ അമിത ഭാരം കയറ്റിയ 5 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ 2 വാഹനങ്ങളും, പാസ്സ് ഇല്ലാത്ത 15 വാഹനങ്ങളും, കണ്ണൂർ ജില്ലയിൽ അമിത ഭാരം കയറ്റിയ 22 വാഹനങ്ങളും, ജി.എസ്.ടി വെട്ടിപ്പ് നടത്തിയ 9 വാഹനങ്ങളും, പാസ്സ് ഇല്ലാത്ത 9 വാഹനങ്ങളും, കാസർഗോഡ് ജില്ലയിൽ അമിത ഭാരം കയറ്റിയ 9 വാഹനങ്ങളും, പിടികൂടിയിട്ടുള്ളതുമാകുന്നു.

ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ, അമിതഭാരം കയറ്റിയതിലേക്ക് പിഴയായി തിരുവനന്തപുരം ജില്ലയിൽ 8,32,768 /- രൂപയും, കൊല്ലം ജില്ലയിൽ 4,13,964/- രൂപയും, പത്തനംതിട്ട ജില്ലയിൽ 9,94,500/- രൂപയും, കോട്ടയം ജില്ലയിൽ 8,80,000/- രൂപയും, ആലപ്പുഴ ജില്ലയിൽ 1,41,500/- രൂപയും, ഇടുക്കി ജില്ലയിൽ 1,10,000/- രൂപയും, എറണാകുളം 4,16,345/- രൂപയും, തൃശ്ശൂർ ജില്ലയിൽ 1,50,092/-രൂപയും, പാലക്കാട് ജില്ലയിൽ 12,28,000/-രൂപയും, മലപ്പുറം ജില്ലയിൽ 9,65,000/-രൂപയും, വയനാട് ജില്ലയിൽ 1,86,600/- രൂപയും, കോഴിക്കോട് ജില്ലയിൽ 82,000/-രൂപയും, കണ്ണൂർ ജില്ലയിൽ 4,50,000/-

രൂപയും, കാസർഗോഡ് ജില്ലയിൽ 3,11,052 /-രൂപയും ആകെ 70,51,821/- രൂപ പിഴയായി സർക്കാരിലേക്ക് അടപ്പിച്ചിട്ടുള്ളതാകുന്നു. പാസ്സില്ലാത്ത വാഹനങ്ങൾക്ക് മൈനിഗ് ആൻഡ് ജിയോളജി വകുപ്പും, ജി.എസ്.ടി വെട്ടിച്ചതിലേക്ക് സർക്കാരിലേക്ക് അടക്കേണ്ട തുക ജി.എസ്.ടി വകുപ്പും പിഴ കണക്കാക്കി തുടർനടപടികൾ വിജിലൻസ് സ്വീകരിച്ചുവരുന്നു.

ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ കോട്ടയം ജില്ലയിൽ കോഴ എന്ന സ്ഥലത്ത് വച്ച് ഓവർലോഡമായി വന്ന രാജീവ് എന്ന ആളിന്റെ മൊബൈൽ ഫോൺ പരിശോധിച്ചതിൽ നിന്നും കഴിഞ്ഞ രണ്ടു മാസത്തിനിടക്ക് മോട്ടോർ വാഹന ഉദ്യോഗസ്ഥനായ ഷാജൻ എന്ന് സേവ് ചെയ്ത പേരിൽ 3,00,000/- അധികം രൂപയും, അജിത് എന്ന ഉദ്യോഗസ്ഥൻറെ പേരിൽ 1,20,000/-രൂപയും അനിൽ എന്ന ഉദ്യോഗസ്ഥൻറെ പേരിൽ 23,000/-രൂപയും ഗൂഗിൾ പേ വഴി നകിയതായി കാണുന്നു.

മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടേയും, മൈനിഗ് ആൻഡ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടേയും ഏജെന്റമാർ മുഖാന്തിരമുള്ള പണപ്പിരിവിനെപ്പറ്റി വരും ദിവസങ്ങളിൽ കൂടുതൽ വിശദമായ പരിശോധന നടത്തുമെന്നും, ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളെപ്പറ്റി വിശദമായ റിപ്പോർട്ട് ഉടൻ തന്നെ സർക്കാരിന് കൈമാറുമെന്ന് ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് അറിയിച്ചു.

ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ്-ന്റെ ഉത്തരവിൻ പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ശ്രീമതി. ഹർഷിത അത്തല്ലൂരി ഐ.പി.എസ് ൻറെ മേൽനോട്ടത്തിൽ വിജിലൻസ് ആസ്ഥാനത്തെ ഇന്റെലിജെന്റ് വിഭാഗം പോലീസ് സൂപ്രണ്ടിന്റെ ചുമതലയുള്ള ശ്രീ.ജയശങ്കർ ഐ.പി.എസ്, വിജിലൻസ് മധ്യമേഖല പോലീസ് സൂപ്രണ്ട് ശ്രീ.ഹിമേന്ദ്രനാഥ് IPS, വിജിലൻസ് കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ.വി.ജി വിനോദ്കുമാർ, വിജിലൻസ് വടക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. പ്രജീഷ് തോട്ടത്തിൽ എന്നിവർ മേൽനോട്ടം വഹിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.




KL.03
Z.451


LEKSHMAN SAND
REDMI NOTE 9 PRO
AI QUAD CAMERA


TRIKKUR CONSTRUCTION COMPANY

